21-5-2014-ലെ പരിസ്ഥിതി വകുപ്പിന്റെ സ.ഉ.(പി) നമ്പർ 6/14/പരിസ്ഥിതി ഉത്തരവുപ്രകാരം 1978-ലെ ഉത്തരവ് റദ്ദുചെയ്യുകയുണ്ടായി. ഇക്കാര്യം അഡീഷണൽ കൗണ്ടർ അഫിഡവിറ്റ് ആയി തയ്യാറാക്കി ജൂൺ 30-ന് സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ അയച്ചുകൊടുത്തിട്ടുണ്ട്. ജൂൺ മാസം 1 മുതൽ 30 വരെ ട്രൈബ്യൂണലിന് അവധിയായിരുന്നു. 6-8-2014-ന് അവധിക്കുവച്ചിരുന്ന ഈ കേസ് നേരത്തെതന്നെ പരിഗണിക്കുന്നതിന് പ്രത്യേകമായി ഒരു അഭ്യർത്ഥന ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിലെ ഒന്നാം കക്ഷിയായ ഡയറക്ടർ, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല എന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് 7-6-2014-ലെയും 27-6-2014-ലെയും കത്തുകൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

കുടുവീട്ടിക്കടവ് പാലം

308 (7278) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോര ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോരഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പടന്ന-തോട്ടുകര പാലം

309 (7280) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലം പണിയാൻ 4.60 കോടി രൂപ കഴിഞ്ഞ സർക്കാർ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും നാളിതുവരെ പാലം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലത്തിന് ജി.ഒ.(ആർ‌റ്റി.) നമ്പർ 1044/09/പൊ.മ.വ. തീയതി 14-7-2009 പ്രകാരം 460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പാലം നിർമ്മാണത്തിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി ലഭ്യമാകാതിരുന്നതിനാലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലും നിർമ്മാണം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ഇപ്പോൾ ആവശ്യമായ ഭൂമി ലഭ്യമായിട്ടുള്ള സ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണം

310 (7281) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സറണ്ടർ ചെയ്തു ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ; പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ്, പുതിയ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് സർക്കാരിന് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ ഏത് ഓഫീസിലാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) പുതിയ പാലം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സമുണ്ടായെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള പുതുക്കിയ നിരക്കിലുള്ള 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(ബി) ഉണ്ട്. 2014 മാർച്ചിലാണ് സ്ഥലം ലഭ്യമായത്.

(സി) 335 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് തുക എഴുന്നൂറ് ലക്ഷം രൂപയാണ്.

(ഡി) ഇല്ല. പുതുക്കിയ നിരക്കിലുള്ള 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പാലക്കാട് നിരത്തുകൾ വിഭാഗം ഓഫീസിൽ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഇ) നിലവിൽ തടസ്സമില്ല.

LIBRARY ARCHIVES Kerala Legislative Assembly